# ജൈവവൈവിധ്യ ക്ലബ്ബ്

## കൈപ്പുസ്തകം



KERALA STATE BIODIVERSITY BOARD

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

# ജൈവവൈവിധ്യ ക്ലബ്ബ്
## കൈപ്പുസ്തകം

KERALA STATE
BIODIVERSITY BOARD

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
കൈലാസം, റ്റി.സി. 4/1679-(1), നം. 43,
ബെൽഹെവൻ ഗാർഡൻസ്,
കവടിയാർ പി.ഒ., തിരുവനന്തപുരം 695 003
ഇ-മെയിൽ – keralabiodiversity@gmail.com
വെബ്സൈറ്റ് – www.keralabiodiversity.org

# ജൈവവൈവിധ്യ ക്ലബ്ബ് കൈപ്പുസ്തകം


| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | ഡോ. എസ്.സി.ജോഷി IFS (Retd.)<br>ചെയർമാൻ,<br>കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് |
| എഡിറ്റർ | : | ഡോ.വി. ബാലകൃഷ്ണൻ<br>മെമ്പർ സെക്രട്ടറി,<br>കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് |
| എഡിറ്റോറിയൽ ബോർഡ് | : | ഡോ. കെ.റ്റി. ചന്ദ്രമോഹനൻ,<br>ബോർഡ് മെമ്പർ |
| | : | ശ്രീ. കെ.വി. ഗോവിന്ദൻ,<br>ബോർഡ് മെമ്പർ |
| | : | ഡോ. കെ. സതീഷ്കുമാർ,<br>ബോർഡ് മെമ്പർ |
| | : | ഡോ. റ്റി.എസ്. സ്വപ്ന,<br>ബോർഡ് മെമ്പർ |
| | : | ഡോ. ലിൻഡ ജോൺ<br>പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ |
| | : | ഡോ.എസ്. രാജശേഖരൻ<br>സീനിയർ കൺസൾട്ടന്റ് |
| | : | ഡോ.ടി.എ.സുരേഷ്<br>അസിസ്റ്റന്റ് പ്രോഗ്രാം കോർഡിനേറ്റർ |
| | : | കുമാരി. അനീഷ അനി ബനഡിക്ട്<br>ഡേറ്റാ അനലിസ്റ്റ് |
| ഡിസൈനിംഗ് & ലേ ഔട്ട് | : | ശ്രീ. കെ.പി പ്രവീൺ |



**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**
കൈലാസം, റ്റി.സി. 4/1679-(1), നം. 43,
ബെൽഹെവൻ ഗാർഡൻസ്,
കവടിയാർ പി.ഒ., തിരുവനന്തപുരം - 695 003
Phone : 0471- 2554740
Toll Free : 1800 4255383
Email : keralabiodiversity@gmail.com
Website : www.keralabiodiversity.org


കവർ ചിത്രം : *Oberonia swaminathanii* Ratheesh Narayanan etal.
Rare Epiphytic Orchid plant Endemic to
Wayanad, Western Ghats


**© KSBB 2019**




**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

കേരള സർക്കാർ

സെക്രട്ടേറിയറ്റ്
തിരുവനന്തപുരം-695 001


നം.593/പ്രസ്/സി.എം.ഒ/19. ജൂലൈ 11, 2019.

## സന്ദേശം

ആഗോളതലത്തിൽ തന്നെ ജൈവവൈവിധ്യം നേരിടുന്ന ഭീഷണികൾ ചെറുതല്ല. വിവിധങ്ങളായ സംരക്ഷണ പ്രവർത്തനങ്ങൾ പലയിടത്തും നടത്തുന്നുണ്ടെങ്കിലും ജൈവവൈവിധ്യ സംരക്ഷണത്തിൽ വരുംതലമുറയെ കൂടി പങ്കാളികളാക്കിയാൽ മാത്രമേ ഈ ലക്ഷ്യം പൂർത്തികരിക്കാൻ സാധിക്കൂ. അതുകൊണ്ടുതന്നെ പഠന ത്തോടൊപ്പം ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളും കുട്ടികൾ ഏറ്റെടു ക്കേണ്ടതായിട്ടുണ്ട്. ഇവിടെയാണ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന "ജൈവവൈവിധ്യ ക്ലബ്ബുകൾ" പ്രസക്തമാകുന്നത്. നിലവിൽ കേരളത്തിൽ ആയിരത്തി അഞ്ഞൂറ് വിദ്യാലയങ്ങളിൽ ജൈവവൈവി ധ്യക്ലബ്ബുകൾ വിജയകരമായി പ്രവർത്തിച്ചു വരുന്നുണ്ട്. ജൈവവൈവിധ്യ സംര ക്ഷണ പരിപാലന പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കാൻ 'ടീൻ ബയോ ഡൈവേ ഴ്സിറ്റി കോർപസ്' എന്ന പേരിൽ 1000 കുട്ടികൾ ഉൾപ്പെടുന്ന സംഘം സജീവ മായി പ്രവർത്തിച്ചു വരുന്നുവെന്നത് ആശാവഹമാണ്. കൂടുതൽ വിദ്യാർത്ഥിക ളെയും അധ്യാപകരെയും ഈ പദ്ധതിയോടു ചേർത്ത് നിർത്തുവാനും, ജനകീയ പങ്കാളിത്തത്തോടെ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തു വാനും, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് കഴിയട്ടെ എന്ന് ആശം സിക്കുന്നു. ബോർഡ് പുറത്തിറക്കുന്ന ജൈവവൈവിധ്യ ക്ലബ്ബ് കൈപുസ്തക ത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**


ടെലിഫോൺ : (0471) 2333812 & 2333682 ഫാക്സ് : (0471) 2333489 ഇ-മെയിൽ : chiefminister@kerala.gov.in
വെബ്സൈറ്റ് : www.keralacm.gov.in

# മുഖവുര

ഒരു നാടിന്റെ വിലപ്പെട്ട സമ്പത്താണ് അവിടത്തെ ജൈവവൈവിധ്യം. കേരളം ജൈവവൈവിധ്യത്തിന്റെ കാര്യത്തിൽ ലോകത്തുതന്നെ ഏറ്റവും സമ്പന്നമായ പ്രദേശങ്ങളിലൊന്നാണ്. പ്രകൃതിയിലെ ജീവജാലങ്ങളും ബന്ധപ്പെട്ട വിഭവങ്ങളും മനുഷ്യന്റെ ദൈനംദിന ജീവിതത്തിലും ഭൂമിയുടെ നിലനിൽപ്പിനും വേണ്ടി ചെയ്യുന്ന സേവനങ്ങളെപ്പറ്റിയുള്ള അജ്ഞതയാണ് മനുഷ്യന്റെ അതിരുകടന്ന ചൂഷണത്തിന് പിന്നിലെ യഥാർത്ഥ കാരണം. ജൈവവൈവിധ്യം സംബന്ധിച്ച അവബോധം സാമാന്യ ജനങ്ങളിലും ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരിലും ഉണ്ടായാൽ മാത്രമേ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ അവർ ഏറ്റെടുക്കുകയും സുസ്ഥിര ജീവിതം സാധ്യമാക്കുകയും ചെയ്യുകയുള്ളൂ. പ്രകൃതിയെ സംരക്ഷിക്കുന്നതിലൂടെ സുസ്ഥിരമായ ഭാവിയാണ് ഉരുത്തിരിയുന്നത്. ജൈവവൈവിധ്യം സംബന്ധിച്ച് ആശയവിനിമയം, വിദ്യാഭ്യാസം പൊതുജനാവബോധം എന്നിവ ഏറെ പ്രാധാന്യമർഹിക്കുന്ന കാര്യങ്ങളാണ്. നമ്മുടെ ജീവിതത്തിന്റേയും സമസ്ത മേഖലകളേയും ബാധിക്കുന്ന ഈ വൈവിധ്യം നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുകയെന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, സ്കൂൾ, കോളേജ്, മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജൈവവൈവിധ്യ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ചുറ്റുപാടുമുള്ള പരിസ്ഥിതി ആവാസ വ്യവസ്ഥയെപ്പറ്റി മനസ്സിലാക്കാനും, പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള പഠനങ്ങൾ നടത്താനും അങ്ങനെ നാശോന്മുഖമായികൊണ്ടിരിക്കുന്ന പ്രകൃതിയെ അടുത്തറിയുവാനും വീണ്ടെടുക്കുവാനുമുള്ള ജൈവവൈവിധ്യ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് സഹായകരമാണ് ഈ കൈപുസ്തകം. ഇതിലൂടെ ഐക്യരാഷ്ട്ര സഭ മുന്നോട്ടു വയ്ക്കുന്ന സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കാൻ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

ഡോ. എസ്. സി. ജോഷി. IFS (Retd)
ചെയർമാൻ,
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

# ആമുഖം

ഐക്യരാഷ്ട്ര സംഘടനയുടെ ജൈവവൈവിധ്യ ഉടമ്പടി വിഭാവനം ചെയ്യുന്ന ജൈവവൈവിധ്യ സംരക്ഷണം, സുസ്ഥിര ഉപയോഗം, വിഭവങ്ങളുടെ നീതിപൂർവമായ പങ്ക്‌വെക്കൽ എന്നീ അടിസ്ഥാന പ്രമാണങ്ങളാണ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പ്രവർത്തനങ്ങൾക്കു ചാലകശക്തിയായി വർത്തിക്കുന്നത്. വിശ്വപൈതൃകകേന്ദ്രമായ പശ്ചിമഘട്ടത്തിന്റെ സിംഹഭാഗവും ഉൾപ്പെടുന്ന കേരളം, അനിതരസാധാരണമായ ജൈവവൈവിധ്യത്തിനു പേരുകേട്ടതാണ്. കേരളത്തിന്റെ ജൈവീകവും, ഭൗതീകവുമായ നിലനിൽപ്പിന് പശ്ചിമഘട്ടം വഹിക്കുന്ന പങ്കു നിസ്തുലമാണ്. പക്ഷെ, അമിത വിഭവ ചൂഷണവും, അശാസ്ത്രീയമായ വികസന മാതൃകകളും പൊതു ജനങ്ങൾക്കിടയിലുള്ള അവബോധമില്ലായ്മയും മൂലം ഈ പൈതൃകസ്വത്തിന്റെ നാശം ദ്രുതഗതിയിൽ സംഭവിച്ചു കൊണ്ടിരിക്കുകയാണ്. ജൈവവൈവിധ്യ സംരക്ഷണം നമുക്കിടയിലും, വരും തലമുറക്കിടയിലും ഒരു പഠന പ്രക്രിയയായാൽ മാത്രമേ ജൈവവൈവിധ്യ സമ്പത്തിനെ സംരക്ഷിക്കാൻ കഴിയൂ. ജൈവവൈവിധ്യ സംരക്ഷണം സംബന്ധിച്ചു നിരവധി വിദ്യാഭ്യാസ ബോധവത്കരണ പരിപാടികൾ നടപ്പിലാകുന്നതിനു കേരള ജൈവവൈവിധ്യ ബോർഡ് പ്രത്യേക പരിഗണന നൽകിവരുന്നുണ്ട്. കുട്ടികൾക്ക് ജൈവവൈവിധ്യത്തിന്റെ പ്രാധാന്യം മനസിലാക്കുന്ന ബോധവൽക്കരണ പ്രവർത്തനങ്ങളും, പഠനരീതികളും നടപ്പാക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഈ അവസരത്തിലാണ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സംസ്ഥാനത്തെ സ്കൂൾ, കോളേജ് എന്നിവിടങ്ങളിൽ ജൈവവൈവിധ്യ ക്ളബ്ബുകൾ ആരംഭിച്ചിട്ടുള്ളത്. ഓരോ സ്ഥാപനങ്ങളിലും ഓരോ അധ്യാപകരുടെ മേൽനോട്ടത്തിൽ ഇരുപത്തിയഞ്ചു മുതൽ മുപ്പതുകുട്ടികളെ ഉൾപ്പെടുത്തിയാണ് ജൈവവൈവിധ്യ ക്ളബ്ബുകൾ രൂപീകരിക്കുന്നത്. കേരളത്തിന്റെ ജൈവവൈവിധ്യ സമ്പത്തിനു സംരക്ഷണം നൽകുന്നതിന് വരും തലമുറക്കുളള കൃത്യമായ സന്ദേശമായിട്ടാണ് ഈ പ്രവർത്തനത്തിലൂടെ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ലക്ഷ്യമിടുന്നത്.

ഡോ.വി. ബാലകൃഷ്ണൻ
മെമ്പർ സെക്രട്ടറി,
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

## ജൈവവൈവിധ്യ ക്ലബ്ബ് കൈപ്പുസ്തകം

ഭൂമിയിലെ എല്ലാ ജീവികളും അവ അധിവസിക്കുന്ന വ്യത്യസ്ത ങ്ങളായ ആവാസവ്യവസ്ഥയും അതിന്മേൽ പ്രകടമായ ജനിതക വൈവിധ്യവും ചേർന്നതാണ് 'ജൈവവൈവിധ്യം'. കരയെയും കടലിനെ യും തുന്നിച്ചേർക്കുന്ന ചുട്ടുപഴുത്ത മണൽത്തീരത്തും കടലിനടിയിലെ കൂരിരുട്ടിലും തണുത്തുറഞ്ഞ മഞ്ഞുപാളികൾക്കിടയിലും വരെ ജീവന്റെ തുടിപ്പുകൾ ശാസ്ത്രജ്ഞന്മാർക്ക് കണ്ടെത്താനായി. ജൈവ വൈവിധ്യം ഭൂമിയുടെ നിലനിൽപ്പിന് ഒരു നിർണ്ണായക ഘടകമായി കണക്കാക്കപ്പെടുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോ കുന്നത്. ആവാസവ്യവസ്ഥയുടെ അശാസ്ത്രീയമായ ചൂഷണം, മലിനീ കരണം, കാലാവസ്ഥാ വ്യതിയാനം, അധിനിവേശ സസ്യജന്തുജാലങ്ങ ളുടെ വ്യാപനം, എന്നിവ കാരണം മൺമറഞ്ഞുപോയ വലിയൊരു ജൈവസമ്പത്തിന്റെ ബാക്കി പത്രമാണ് ഇന്നവശേഷിച്ചിട്ടുള്ള പ്രകൃതി സമ്പത്ത്.

ഭൂമിയിലെ ആവാസവ്യവസ്ഥയുടെ നിലനിൽപ്പിന് ജൈവ വൈവിധ്യ സംരക്ഷണം അത്യന്താപേക്ഷിതമാണ് എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് 1992-ൽ ബ്രസീലിലെ റിയോ-ഡീ ജനീ റിയോയിൽ കൂടിയ ഐക്യരാഷ്ട്ര സഭയുടെ ഭൗമ ഉച്ചകോടി സമ്മേളനം അന്തർദ്ദേശീയ ജൈവവൈവിധ്യ ഉടമ്പടിക്ക് **(CBD)** രൂപം നൽകിയത്. 1994 ഫെബ്രുവരിയിൽ ഇന്ത്യ അന്തർദ്ദേശീയ ജൈവവൈവിധ്യ ഉടമ്പടിയിൽ അംഗരാജ്യമായി മാറി. ഇതിനെ തുടർന്ന് 2002-ൽ ഇന്ത്യൻ പാർലമെന്റ് ജൈവവൈവിധ്യ നിയമം പാസാക്കി. 2004-ൽ ദേശീയ ജൈവവൈവിധ്യ ചട്ടങ്ങൾ നിലവിൽ വന്നു.

## ജൈവവൈവിധ്യ നിയമങ്ങളുടേയും ചട്ടങ്ങളുടേയും പ്രധാന ലക്ഷ്യങ്ങൾ

1. ജൈവവൈവിധ്യ സംരക്ഷണം
2. ജൈവവിഭവ ഘടകങ്ങളുടെ സുസ്ഥിര ഉപയോഗം
3. ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്ന് ജനിതമാകുന്ന പ്രയോജനങ്ങളുടെ നീതിപൂർവമായ പങ്കുവയ്ക്കൽ

2005–ൽ നിലവിൽ വന്ന കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഈ ഉദ്ദേശ്യ ലക്ഷ്യത്തോടെയാണ് ജൈവവൈവിധ്യ ക്ലബ്ബ് എന്ന ആശയത്തിന് രൂപം നൽകിയത്.

## ജൈവവൈവിധ്യ നിയമം– ത്രിതല നിർവ്വഹണ സംവിധാനം

ഇന്ത്യയിൽ ജൈവവൈവിധ്യ നിയമം നടപ്പിലാക്കാൻ വേണ്ടി 2003 –ൽ ദേശീയ തലത്തിൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റി **(National Biodiversity Authority)** ചെന്നൈ ആസ്ഥാനമായി നിലവിൽ വന്നു. എല്ലാ സംസ്ഥാനങ്ങളിലും ഇതിന്റെ ഭാഗമായി സംസ്ഥാന ജൈവവൈവിധ്യ ബോർഡുകളും **(State Biodiversity Board)** പ്രാദേശിക തലത്തിൽ ജൈവവൈവിധ്യ പരിപാലന സമിതികളും (**Biodiversity Management Committee - BMC)** നിലവിൽ വന്നു

ദേശീയ ജൈവവൈവിധ്യ അതോറിറ്റി
**(NBA- National Biodiversity Authority)**
2003–ൽ നിലവിൽ വന്നു. ആസ്ഥാനം– ചെന്നൈ.

↓

സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
**(SBB- State Biodiversity Board)**
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
2005–ൽ നിലവിൽ വന്നു

↓

ജൈവവൈവിധ്യ പരിപാലന സമിതികൾ
**(BMC- Biodiversity Management Committee)**

.

# കേരള സംസ്ഥാന ജൈവവൈവിധ്യബോർഡ്

കേന്ദ്ര ജൈവവൈവിധ്യ നിയമ പ്രകാരം 2005-ൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് (കെ.എസ്.ബി.ബി.) രൂപീകരിച്ചു. 2008 -ൽ കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ നിലവിൽ വന്നു. 2012-ൽ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതികൾ രൂപീകരിച്ചു. ജൈവവൈവിധ്യ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രാദേശികതലത്തിൽ നടപ്പിലാക്കുക എന്ന കർത്തവ്യത്തിന് ഉപരിയായി പ്രാദേശിക പരിസ്ഥിതി കാവൽ സംഘമായി പ്രവർത്തിക്കാനുള്ള അധിക ചുമതല കുടി സംസ്ഥാനത്തെ ബി.എം.സികളെ (സ.ഉ(അച്ചടി)നം.4/13/പരി, തീയതി 13.05.2013) സർക്കാർ അധികാരപ്പെടുത്തിയിട്ടുണ്ട്. ജൈവവൈവിധ്യ സംരക്ഷണത്തിനു വേണ്ടി ഇന്ത്യയിൽ ആദ്യമായി പ്രാദേശിക തലത്തിൽ ബി.എം.സികൾ പൂർണ്ണമായും രൂപീകരിച്ചത്. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡാണ്. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയും, സംസ്ഥാന ജൈവവൈവിധ്യ ബോർഡും, പ്രാദേശിക ജൈവവൈവിധ്യങ്ങളുടെ അറിവുകളെ സംബന്ധിച്ച് ഏതു തീരുമാനവും, നടപ്പിലാക്കുന്നതിന് ബി.എം.സിക്ക് പ്രഥമ പരിഗണന നൽകിയിട്ടുണ്ട്. വിഭവങ്ങളുടെ സുസ്ഥിരമായ പരിപാലനം, ഭൂവിനിയോഗം, ജലസംരക്ഷണം, മാലിന്യ സംസ്ക്കരണം, ആരോഗ്യം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദിഷ്ട ഉത്തരവാദിത്വമുണ്ട്.

## ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ
## (PBR- Peoples' Biodiversity Register)

ജൈവവൈവിധ്യ ആക്ട് 2002, സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008 എന്നീ നിയമങ്ങൾ അനുശാസിക്കുന്ന പ്രകാരം ഓരോ പ്രദേശത്തേയും ബി.എം.സികളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെയാണ് ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നത്. പ്രാദേശികമായ സസ്യങ്ങളും, ജന്തുക്കളും ഉൾപ്പെടുന്ന ജൈവവിഭവങ്ങളെ സംബന്ധിച്ച അറിവ്, അവയുടെ ലഭ്യത, ഔഷധമൂല്യം, മറ്റുപയോഗങ്ങൾ, ബന്ധപ്പെട്ട പരമ്പരാഗത അറിവുകൾ തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളുന്നതാണ് ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ. വരും കാലങ്ങളിൽ പുതുക്കിയ ജനകീയ രജിസ്റ്ററുകൾ ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കാൻ **e-PBR** എന്ന പുതിയ സോഫ്റ്റ്‌വെയർ ബോർഡ് രൂപപ്പെടുത്തിയിട്ടുണ്ട്. ഭാവിയിൽ **PBR** വിവരങ്ങൾ പൊതുജനങ്ങൾക്ക് എളുപ്പത്തിൽ ലഭ്യമാക്കാനാണിത്.

## ജൈവവൈവിധ്യ ക്ലബ്ബുകൾ

പ്രശസ്ത കൃഷി ശാസ്ത്രജ്ഞൻ, പ്രൊഫ. എം.എസ്. സ്വാമി നാഥൻ അഭിപ്രായപ്പെട്ടിരിക്കുന്നത് **'Every Child a Scientist'**എന്നാണ്. കുട്ടികൾക്ക് ചുറ്റുപാടുമുള്ള പരിസ്ഥിതി ആവാസ വ്യവസ്ഥയെപ്പറ്റി പഠിച്ചു മനസ്സിലാക്കാനും, പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള പഠനങ്ങൾ നടത്താനും അങ്ങനെ നാശോ ന്മുഖമായികൊണ്ടിരിക്കുന്ന പ്രകൃതിസമ്പത്തിനെ വീണ്ടെടുക്കുവാനും, അടുത്തറിയാനുമുള്ള ഒരു അവസരമാണ് ജൈവവൈവിധ്യ ക്ലബ്ബുകൾ ലക്ഷ്യമിടുന്നത്.

പ്രകൃതിയോട് ഇണങ്ങിച്ചേർന്ന് ജീവിക്കുന്ന ആദിവാസി വിഭാഗങ്ങളെ പോലുള്ള പരമ്പരാഗത സമൂഹങ്ങൾ തലമുറകളായി ആർജ്ജിച്ചു വരുന്ന പ്രകൃതിയെപ്പറ്റിയുള്ള അറിവുകൾ വായ് മൊഴി യായി തദ്ദേശീയ ഭാഷയിലൂടെ കൈമാറിക്കിട്ടുന്നു. നൂറു കണക്കിന് ഔഷധ സസ്യങ്ങളുടെയും പക്ഷികളുടെയും മത്സ്യങ്ങളുടെയും മറ്റും പേരും ഇവയോടനുബന്ധിച്ച നാട്ടറിവുകളും പ്രായോഗികമാക്കാൻ കഴിവുള്ളവരാണിവർ. തലമുറകൾ കഴിയുന്തോറും ഇത്തരം വിലപ്പെട്ട പരമ്പരാഗത അറിവുകൾക്കു മങ്ങലേൽക്കുകയും ക്രമേണ അവ മൺമറയുകയും ചെയ്യുന്നു. ഈ സാഹചര്യത്തിലാണ് ഇത്തരം അറിവുകളെ രേഖപ്പെടുത്തി വയ്ക്കേണ്ടതിന്റെ പ്രസ്കതി നാം മനസിലാക്കേണ്ടത്. എന്നാൽ മാറിവരുന്ന സാഹചര്യത്തിൽ വിദ്യാർ ത്ഥികളെ പരിസ്ഥിതി ജൈവവൈവിധ്യ സുസ്ഥിര വികസനം ലക്ഷ്യ മാക്കി പ്രാദേശിക തലത്തിലുള്ള ഗവേഷണപഠനങ്ങൾ നടത്തി ജൈവവൈവിധ്യമേഖലകളെ മനസ്സിലാക്കി സുസ്ഥിര ഉപയോഗം ഉറപ്പാക്കുന്നതിനുവേണ്ടി ജൈവവൈവിധ്യക്ലബ്ബുകൾ മുഖാന്തിരം സജ്ജരാക്കേണ്ടത് അനിവാര്യമാണ്.

### ഉദ്ദേശ്യലക്ഷ്യങ്ങൾ

» ജൈവവൈവവിധ്യത്തേയും അതിന്റെ സുസ്ഥിര ഉപയോഗത്തേയും കുറിച്ച് അവബോധം സൃഷ്ടിക്കുക.

» സ്കൂളുകളിലും/കോളേജുകളിലും ചുറ്റുപാടുമുള്ള പ്രാദേശിക ജൈവവൈവിധ്യത്തെക്കുറിച്ച് പഠനം നടത്തുക.

» പ്രാദേശിക പരിസ്ഥിതിയിലേയും ആവാസവ്യവസ്ഥയിലേയും ജൈവവൈവിധ്യം അഭിവൃദ്ധിപ്പെടുത്തുന്ന മുഖ്യഘടകങ്ങൾ കണ്ടെത്തുക.

» സ്കൂൾ/കോളേജ് കാമ്പസുകളിലെ ജൈവവൈവിധ്യത്തെ

സംരക്ഷിക്കുക.

» ജീവജാലങ്ങളാൽ വൈവിധ്യമാർന്ന ആവാസവ്യവസ്ഥകളുടെ പ്രയോജനങ്ങളെക്കുറിച്ചുള്ള അറിവ് വിദ്യാർത്ഥികൾക്കും, കുടുംബങ്ങൾക്കും, സമൂഹത്തിനും പകരുക.

## ക്ലബ്ബിന്റെ ഘടന :

ക്ലബ്ബ്, സ്കൂൾ/കോളേജുമായി ബന്ധപ്പെട്ട പ്രവർത്തനമായ തിനാൽ പ്രകൃതി/പരിസ്ഥിതി സംബന്ധമായ വിഷയത്തിൽ താത്പര്യ മുള്ള അധ്യാപകനായിരിക്കണം ഈ ക്ലബ്ബിന്റെ ഉത്തരവാദിത്തം ഏറ്റെടു ക്കേണ്ടത്. അധ്യാപകരുടെ കൂട്ടായ പ്രവർത്തനം ക്ലബ്ബിനെ കൂടുതൽ മെച്ചപ്പെടുത്തും.

» ക്ലബ്ബിന്റെ ഓഫീസ് ഭാരവാഹികളായ വിദ്യാർത്ഥി പ്രതിനിധികൾ, പ്രോഗ്രാം കോർഡിനേറ്റർ, സെക്രട്ടറി, ഖജാൻജി എന്നീ സ്ഥാന ങ്ങൾ വഹിച്ചു പ്രവർത്തിക്കണം.

» മീറ്റിംങ്ങുകൾ വിളിച്ചു കൂട്ടുക, സ്കൂൾ/കോളേജ് ഭരണാധികാരിക ളുമായി ക്ലബ്ബിന്റെ സുഗമമായ പ്രവർത്തനത്തിനു വേണ്ടി ചർച്ച ചെയ്യുക, പരിപാടികളും, പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് നേതൃത്വം വഹിക്കുക എന്നിവ പ്രോഗ്രാം കോർഡിനേറ്ററുടെ ചുമതലയാണ്.

» മീറ്റിംഗിന്റെ മിനിറ്റ്സ് കൈകാര്യം ചെയ്യുക, അംഗങ്ങളുടെ ഹാജർ രേഖപ്പെടുത്തുക. ഓരോ വർഷാന്ത്യവും കാര്യനിർവ്വഹണത്തിന്റെ റിപ്പോർട്ട് തയ്യാറാക്കുക എന്നീ ചുമതലകൾ സെക്രട്ടറിയുടേതാണ്

» ക്ലബ്ബിന്റെ സാമ്പത്തിക വശം കൈകാര്യം ചെയ്യുന്നത് ഖജാൻജി ആയിരിക്കും.

## ക്ലബ്ബിലെ അംഗങ്ങൾ

25 മുതൽ 30 വരെ കുട്ടികളെ ക്ലബ്ബിൽ അംഗമാക്കാവുന്നതാണ്. അധ്യയന വർഷത്തിലെ ഓരോഘട്ടങ്ങളിലും **(term)** രണ്ടുപ്രാവശ്യ മെങ്കിലും മീറ്റിംഗ് കൂടിയിരിക്കണം. പരിസ്ഥിതി സംബന്ധമായിട്ടുള്ള ദിനങ്ങളുടെ പ്രാധാന്യം, ചുറ്റുവട്ടത്തുള്ള പരിസ്ഥിതി സംരക്ഷണ ത്തിന്റെ മാർഗ്ഗങ്ങൾ ഇവയെല്ലാം സമയാസമയങ്ങളിൽ സ്കൂളുക ളിലെ ജൈവവൈവിധ്യ ക്ലബ്ബുകളിൽ ചർച്ചചെയ്യേണ്ടതാണ്. പ്രാദേശി കമായ ചെടികൾ നട്ടു സംരക്ഷിക്കുക, നാടൻ സസ്യയിനങ്ങളുടെ പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഒഴിവാക്കുക. പ്ലാസ്റ്റിക് കത്തിക്കുമ്പോൾ

അന്തരീക്ഷത്തിൽ അലിഞ്ഞു ചേരുന്ന വിഷ വാതകങ്ങൾ ശ്വസിച്ചാലു ണ്ടാകുന്ന ആപത്തിനെക്കുറിച്ച് പ്രചരണ മാർഗ്ഗങ്ങൾ തുടങ്ങി അതാത് പ്രദേശത്തിന് അനുയോജ്യമായ രീതിയിലുള്ള പരിസ്ഥിതി അവബോധ പ്രവർത്തനങ്ങൾ അതാത് സ്ഥാപനങ്ങളിൽ നടത്താവുന്നതാണ്. ക്ലബ്ബു കൾക്ക് പ്രകൃതി പഠന യാത്രകൾ വനംവകുപ്പിന്റെ സഹായത്തോടെ സൗജന്യമായി നടത്താവുന്നതാണ്.

## കുട്ടികൾക്ക് നടപ്പാക്കാവുന്ന ജൈവവൈവിധ്യ ഗവേഷണ പദ്ധതികൾ

1. ഒരു പ്രത്യേക ആവാസവ്യവസ്ഥയിൽ വളരെ ശക്തമായ സ്വാധീനം ചെലുത്തുന്ന സുപ്രധാന ജൈവജാതികളെക്കുറിച്ച് (Key stone species )പഠനം നടത്തുക.
2. ഒരു സീസൺ മുഴുവനും സ്കൂൾ, വീട് തുടങ്ങിയ സ്ഥലങ്ങ ളിൽ കാണപ്പെടുന്ന ചിത്രശലഭങ്ങളുടെ വൈവിധ്യത്തെ കണ്ടെത്തുക.
3. പക്ഷികളുടെ വൈവിധ്യം, സ്കൂൾ, വീട്, മറ്റുചുറ്റുപാടുകളിൽ നിന്നും വിവിധ സീസണുകളിൽ കണ്ടെത്തി രേഖപ്പെടുത്തുക.
4. ചുറ്റുപാടുമുള്ള ജലാശയങ്ങളിലെ മത്സ്യത്തിന്റെ വൈവിധ്യത്തെ വിവിധ സീസണുകളിൽ കണ്ടെത്തി രേഖപ്പെടുത്തുക.
5. വീടിന്റേയും, സ്കൂളിന്റേയും പരിസരത്തുള്ള ഭക്ഷ്യയോഗ്യമായ സസ്യജന്തുജാലങ്ങളെ വിവിധ സീസണുകളിൽ രേഖപ്പെടുത്തുക.
6. സ്കൂളിനും വീടിനു ചുറ്റുവട്ടത്തുമുള്ള അലങ്കാര സസ്യങ്ങളും, വന്യമായിട്ടുള്ളതും കൃഷിചെയ്യുന്നതുമായിട്ടുള്ള സസ്യങ്ങളെപ്പറ്റി പഠനം നടത്തി രേഖപ്പെടുത്തുക.
7. നാട്ടിൽ കാലാകാലങ്ങളായി ഉപയോഗിച്ചു വരുന്ന സസ്യങ്ങളുടെ വിവരങ്ങൾ മുതിർന്നവരിൽ നിന്നും ശേഖരിക്കുക. ഇവയെ ഭക്ഷ്യ പ്രാധാന്യമുള്ളവ, ആചാരങ്ങൾക്കു ഉപയോഗിക്കുന്നവ, അലങ്കാര പ്രാധാന്യമുള്ളവ, ഔഷധഗുണമുള്ളവ, ഭവന നിർമ്മാ ണത്തിനുപയോഗിക്കുന്നവ തുടങ്ങി തരംതിരിച്ചെഴുതാം.
8. പരമ്പരാഗത സമൂഹങ്ങളുടെ തൊഴിലിനേയും തൊഴിലിടത്തെയും സംബന്ധിച്ച അറിവുകൾ ശേഖരിക്കുക.
9. അധിനിവേശ സസ്യങ്ങളുടെ (Invasive Alien Species) വിവരങ്ങൾ ശേഖരിച്ച് ഒപ്പം അവ കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യാനുള്ള പദ്ധതികൾ നടപ്പിലാക്കുക. ഇത്തരം അധിനിവേശ സസ്യങ്ങൾക്ക് പകരം നാടൻ സസ്യഇനങ്ങളെ

കണ്ടെത്തി ഇവയുടെ തൈകൾ ഉണ്ടാക്കി നട്ടുപിടിപ്പിക്കാം.

10. പച്ചത്തുരുത്തുകളിലെയും ജൈവവൈവിധ്യപാർക്കുകളിലെയും ജൈവവൈവിധ്യത്തിന്റെ കണക്കെടുപ്പും പരിചരണവും ക്ലബുക ളുടെ പ്രതിമാസ ഫീൽഡ് വർക്കിന്റെ ഭാഗമായി നടത്താം.
11. ജൈവവൈവിധ്യം രേഖപ്പെടുത്തി വയ്ക്കുന്നതിനോടൊപ്പം പരിസരം വൃത്തിയായി സൂക്ഷിക്കുക എന്നതും പരമപ്രധാനമാണ്. അതിനാൽ പ്രകൃതി സൗഹൃദമായ മാലിന്യനിർമാർജന രീതികൾ പരിശീലിപ്പിക്കാം.
12. പ്രകൃതി പഠന ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതാണ്. ജൈവവൈവിധ്യത്തിന്റെ മൂന്നു പ്രധാന ഘടകങ്ങളായ ജനി തകവൈവിധ്യം, ജൈവജാതിവൈവിധ്യം, ആവാസവ്യവസ്ഥാ വൈവിധ്യം എന്നിവയെ സംബന്ധിക്കുന്ന ചില പദ്ധതികൾ ചുവടെ ചേർക്കുന്നു.

## 1. ജനിതക വൈവിധ്യം (Genetic diversity)

1. കാർഷിക, ഹോർട്ടികൾച്ചർ മേഖലയിൽ ഏറെ വൈവിധ്യമുള്ള ഇനങ്ങളെ സംരക്ഷിച്ച് ജനിതക ബാങ്കുകൾ ഉണ്ടാക്കാം.
2. ജനിതക ജൈവവൈവിധ്യത്തെ സംരക്ഷിക്കാനുള്ള പദ്ധതികൾ.- നാടൻ നെൽവിത്തിനങ്ങൾ, പയറുകൾ, തുടങ്ങിയ കാർഷിക ജൈവവൈവിധ്യത്തിന്റെ ശേഖരണവും സംരക്ഷണവും.
3. തദ്ദേശീയ വിളകളുടേയും, സസ്യങ്ങളുടേയും വിത്തുകൾ സംരക്ഷിച്ച് വംശവർദ്ധന നടത്തുന്ന 'ജീനോം സേവിയേഴ്സി' ന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പഠനം.
4. കാർഷിക ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ഉത്തമ മാതൃകകൾ കണ്ടെത്തി രേഖപ്പെടുത്തുക.

## 2. ജൈവജാതി വൈവിധ്യം (Species diversity)

a) **സസ്യവൈവിധ്യ പഠനം** (അനുബന്ധം 1)

സ്കൂളിലും, ചുറ്റവട്ടത്തുമുള്ള സസ്യങ്ങൾ, വള്ളിച്ചെടികൾ, ഫലവൃക്ഷങ്ങൾ, വിദേശീയ കളസസ്യങ്ങൾ, ഔഷധസസ്യങ്ങൾ, സാധാരണ കാണുന്ന ധാന്യങ്ങൾ, ഭക്ഷ്യയോഗ്യമായ വനസസ്യങ്ങൾ, നാടൻ അലങ്കാരസസ്യങ്ങൾ തുടങ്ങിയവയെ തിരിച്ചറിയാൻ പഠിക്കുക. സസ്യജാതികളുടെ ഹെർബേറിയവും ആൽബവും ഉണ്ടാക്കാം. ജല ത്തിലെ സസ്യങ്ങൾ, തോട്ടുവക്കത്തേയും പുഴയോരത്തേയും സസ്യ ങ്ങൾ, മറ്റു വൃക്ഷങ്ങളിൽ പറ്റിപിടിച്ചുവളരുന്ന എപ്പിഫൈറ്റുകൾ, പാര

സൈറ്റുകൾ തുടങ്ങിയവയെക്കുറിച്ചു പഠിക്കാം. വൃക്ഷങ്ങൾ ഇലകൊഴിക്കുന്ന കാലവും മഴക്കാലത്തു മാത്രം വളരുന്ന സസ്യങ്ങളുടെ ജീവിതക്രമവും നിരീക്ഷിക്കാം.

b) **ജന്തുലോക നിരീക്ഷണ പഠനം** (അനുബന്ധം 2)

പക്ഷികൾ, ചിത്രശലഭങ്ങൾ, തുമ്പികൾ, ഇഴജന്തുക്കൾ, മത്സ്യങ്ങൾ, സസ്തനികൾ, തുടങ്ങിയവയെ നിരീക്ഷണവിധേയമാക്കാം.

**പക്ഷി വൈവിധ്യ നിരീക്ഷണം :-** രാവിലെയാണ് പക്ഷികളെ നിരീക്ഷിക്കാൻ പറ്റിയ സമയം. ആഴ്ചയിൽ ഒരു ദിവസം പക്ഷി നിരീക്ഷണത്തിനായി രാവിലെ ആറു മണിക്കും, ഒൻപതു മണിക്കുമിടയിൽ ഒരു മണിക്കൂർ സമയം വീടിനടുത്തുള്ള സ്ഥലങ്ങളിൽ നടത്താവുന്നതാണ്. കാണുന്ന പക്ഷികളുടെ പേര്, കാണപ്പെട്ട സമയം, എണ്ണം, എന്നിവ രേഖപ്പെടുത്തണം. നിരീക്ഷണങ്ങളുടേയും രേഖപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ നമ്മുടെ നാട്ടിൽ എത്രയിനം പക്ഷികളെ സാധാരണ കാണാൻ കഴിയുമെന്നൊരു കണക്കെടുപ്പു നടത്താം. അവയിൽ തന്നെ ഏറ്റവും സാധാരണമായിട്ടുള്ളതും, സാധാരണമല്ലാത്തതും കണ്ടെത്താൻ കഴിയും. ചില പക്ഷികൾ ദേശാടകരാണ്. അവയുടെ വരവും പോക്കും പ്രത്യേകം ശ്രദ്ധിക്കുക. പ്രൊഫ. ഇന്ദു ചൂഡന്റെ 'കേരളത്തിലെ പക്ഷികൾ', ഡോ. സലിം അലിയുടെ 'ഇന്ത്യൻ പക്ഷികളുടെ പുസ്തകം'എന്നീ പുസ്തകങ്ങൾ പഠനത്തിന് സഹായിക്കുന്നവയാണ്.

## 3. ആവാസവ്യവസ്ഥാ വൈവിധ്യപഠനം (Ecosystem diversity)

സസ്യങ്ങളും ജന്തുക്കളും സൂക്ഷ്മാണു ജീവികളും മറ്റ് അജൈവ വസ്തുക്കളും അടങ്ങുന്ന പരിസ്ഥിതിപരമായ വ്യസ്ഥയിലെ വൈവിധ്യമാണ് ആവാസവ്യവസ്ഥാ വൈവിധ്യം. ഭൂമിയിലെ വൈവിധ്യമായതും മനോഹരവുമായ ഒരു ആവാസവ്യവസ്ഥയാണ് പവിഴപ്പുറ്റുകൾ. തീരത്തോട് ചേർന്ന് ആഴം കുറഞ്ഞ കടലിൽ ഇവ കാണപ്പെടുന്നു. വിവിധയിനം മരങ്ങളും ചെറുസസ്യങ്ങളും വള്ളികളും എല്ലാവിധ ജന്തുക്കളും ഉൾപ്പെട്ട പ്രദേശമായ വനം മറ്റൊരു പ്രധാനപ്പെട്ട ആവാസവ്യവസ്ഥയാണ്. വൈവിധ്യമാർന്ന ചതുപ്പുകൾ, കാവുകൾ, വയലുകൾ എന്നിവയും പഠനവിധേയമാക്കാം.

**ഒരു മരം ഒരു ആവാസവ്യവസ്ഥ**

വിദ്യാലയത്തിലെ ഒരു മരം, അതിന്റെ ഘടന, പ്രത്യേകതകൾ അതുമായി ബന്ധപ്പെട്ടു ജീവിക്കുന്ന മറ്റു ജീവജാലങ്ങൾ, ജൈവവൈവിധ്യം, മരത്തിന്റെ മൂല്യം തുടങ്ങിയ വിഷയങ്ങൾ പഠിക്കുക.

**ആരാധനാലയ പ്രദേശത്തെ ജൈവവൈവിധ്യ പഠനം** (അനുബന്ധം 3)

കാവുകളിലെ മരങ്ങൾ, കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ, ചെറു സസ്യങ്ങൾ എന്നിവയെക്കുറിച്ച് പഠിക്കുക. അവയുടെ ശാസ്ത്ര നാമവും, ഔഷധഗുണവും കണ്ടെത്താൻ ശ്രമിക്കുക. കൂടാതെ അവിടെ മറ്റേതെല്ലാം ജീവികളുണ്ടെന്ന് പരിശോധിച്ചു ഒരു റിപ്പോർട്ട് തയ്യാറാക്കുക.

**തണ്ണീർത്തട (നീർത്തടം) ജൈവവൈവിധ്യ പഠനം** (അനുബന്ധം 4)

വളരെ സമ്പുഷ്ട ആവാസവ്യവസ്ഥയായ നീർത്തടങ്ങൾ നിരവധി ജീവികൾക്ക് കഴിയാനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതോടൊപ്പം ഭക്ഷ്യോൽപാദനത്തിന്റെ സ്രോതസ്സുമായി വർത്തിക്കുന്നു. ചതുപ്പ്, നെൽവയൽ, തടാകം, കുളം, കണ്ടൽകാട്, തോട് തുടങ്ങിയ പലയിനം നീർത്തടങ്ങൾ കേരളത്തിലുണ്ട്. ഇവയിൽ കാണപ്പെടുന്ന നിരവധി സസ്യജന്തുജാലങ്ങളും അവയുടെ ആവാസവ്യവസ്ഥയും പഠനവിഷയമാക്കാം.

## മറ്റു പഠന സാധ്യതാ മേഖലകൾ

**ജൈവ സാംസ്കാരികവൈവിധ്യം (Bio-Cultural Diversity)**

ഏതൊരു തദ്ദേശീയ ജന വിഭാഗത്തിന്റെയും അറിവും അനുഭവവും അവരുടെ ഭാഷയുടെയും സംസ്കാരത്തിന്റെയും രൂപത്തിലാണ് ശേഖരിച്ചു വയ്ക്കുന്നതും തലമുറകളോളം കൈമാറുന്നതും. അതാതു പ്രദേശത്തെ പ്രകൃതി വിഭവങ്ങളുടെ ലഭ്യതയ്ക്കനുസരിച്ചാണ് ഒരു സമൂഹത്തിന്റെ സംസ്കാരം രൂപപ്പെടുന്നത്. കാരണം, പ്രകൃതിയിൽ നിന്നും ഒരു ജീവി നഷ്ടമാകുന്നു എന്നതിന്, ഭാഷയിൽ നിന്നും ഒരു വാക്ക് നാമാവശേഷമാകുന്നുവെന്നും കാലക്രമേണ അത് ഒരു സമൂഹത്തിന്റെ ചരിത്രത്തിൽ നിന്നുതന്നെ എടുത്തുകളയപ്പെടുന്നു എന്ന് കൂടിയാണ് അർഥമാക്കുന്നത്. ആകയാൽ ജൈവസമ്പത്തിനേയും സംസ്കാരത്തെയും വേർതിരിച്ചു കാണാനാവില്ല.

വിദ്യാർത്ഥികൾ അവരവരുടെ സമൂഹത്തിന്റെ ജൈവ സാംസ്കാരിക സംബന്ധമായ വിഷയങ്ങൾ ഒഴിവു ദിവസങ്ങളിൽ മുതിർന്നവരോട് ചോദിച്ചറിയണം. ആചാരങ്ങളുടെയും പരമ്പരാ ഗത രീതിയിലുള്ള ഭവന നിർമ്മാണത്തിന്റെയും (ഉദാ: തീരദേശങ്ങ ളിൽ കുടിലുകളിലെ ഉത്തരം നിർമ്മിക്കുന്നതിനായി ഉപയോഗിക്കുന്ന തടികൾ കുറുകെ പിളർന്ന് അതിൽ കടൽത്തീരത്തെ നനഞ്ഞ മണൽ നിറച്ചു ദിവസങ്ങളോളം സൂക്ഷിച്ചശേഷം നിർമ്മാണത്തി നായി ഉപയോഗിക്കാറുണ്ട്. തടികളിലെ പൂപ്പൽ ബാധ ഒഴിവാക്കാ നാണ് ഇങ്ങനെ ചെയ്യുന്നത്), വീട്ടുപകരണങ്ങളുടെയും (ഉദാ: പന യോല പായ, മുളകൊണ്ടുള്ള നാഴിയും പുട്ടുകുറ്റിയും) വേഷ ഭൂഷാദികളുടെയും (ഉദാ: തണുപ്പിൽ നിന്നു രക്ഷ നേടാനായി പരുത്തി വസ്ത്രങ്ങൾ വാളൻപുളിയുടെ തോട് കാച്ചിയെടുത്ത കറയിൽ മുക്കി ഉണക്കി ധരിക്കാറുണ്ട്) ഭാഗമായി ഉപയോഗിച്ചു വരുന്ന സസ്യ ജന്തുജാലങ്ങളുടെ വിവരങ്ങൾ ശേഖരിക്കാം. ഇത് സാമൂഹിക ചരിത്ര രേഖയുടെ ഭാഗമാക്കുകയും ചെയ്യാം. ഇത്തരത്തിൽ ശേഖരി ക്കപ്പെടുന്ന വിവരങ്ങൾ ക്രോഡീകരിച്ച് ഭാവിയിൽ സ്കൂൾ/ കോളേ ജിലെ ചരിത്ര വിഷയങ്ങളുടെ ഭാഗമായി സിലബസിൽ ഉൾപ്പെടുത്താ നാകും. അങ്ങനെ ഒരു സമൂഹത്തിന്റെ ജൈവ സാംസ്കാരിക ചരിത്രം അതാതു സമൂഹത്തിലെ യുവ തലമുറ തന്നെ എഴുതിവയ്ക്കുന്ന ശീലവും വളർത്തിയെടുക്കാനാകും.

**ഹരിത നഗരം (Urban Forest)**

തദ്ദേശിയമായ മരങ്ങൾ ഉൾപ്പെടേയുള്ള വിവിധ സസ്യങ്ങ ളുടെ തൈകൾ ഒരുമിച്ചും ഇടകലർത്തിയും നട്ടുപിടിപ്പിക്കുമ്പോൾ അവ തമ്മിൽ സ്വാഭാവികമായി ഉണ്ടാകുന്ന മത്സരത്തിലൂടെയും നിർദ്ധാരണത്തിലൂടെയും വൈവവിധ്യപൂർണ്ണമായ ഒരു സ്വാഭാവിക വനം സൃഷ്ടിക്കപ്പെടുന്നു. ഇതിനെയാണ് 'മിയാവാക്കി' മാതൃക എന്നു വിശേഷിപ്പിക്കുന്നത്. ജൈവവൈവിധ്യ ക്ലബ്ബുകൾ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ഈ മാതൃകയിലുള്ള വനങ്ങൾ ജൈവവൈവിധ്യ ബോർഡിന്റെ നേതൃത്വത്തിൽ സ്ഥാപിക്കാവുന്നതാണ്.

**കാർഷിക കലണ്ടർനിർമ്മാണം**

എതൊക്കെ വിളകൾ ഏതൊക്കെ സമയത്ത് കൃഷിചെയ്യുന്നു എന്നു പഠിച്ച് ഒരു കലണ്ടർ ഉണ്ടാക്കുക. സ്കൂളിനും, വീടിനു സമീപമുള്ള കൃഷിഭൂമികളിൽ ഏതെല്ലാം വിളകളാണ് ഉൽപ്പാദിപ്പിക്കുന്നതെന്ന് പഠി

ക്കുക. കൃഷിയിറക്കുന്നതു മുതൽ, വിളവെടുപ്പുവരെയുള്ള പ്രവർത്തികൾ ഏതെല്ലാം മാസങ്ങൾ വരെയാണെന്ന് മനസ്സിലാക്കുക. കൂടാതെ ആ മാസങ്ങളിലെ കാലാവസ്ഥയുടെ പ്രത്യേകതകൾ എങ്ങനെ വിളകൾക്ക് പ്രയോജനകരമാകുമെന്ന് നിരീക്ഷിച്ച് അതിന്റെ അടിസ്ഥാനത്തിൽ ഒരു കാർഷിക കലണ്ടർ തയ്യാറാക്കുക. ഇങ്ങനെ ചെയ്യുന്നത് വഴി വർഷം തോറുമുള്ള കാലാവസ്ഥ വ്യതിയാനം നമ്മുടെ നാട്ടിലെ കൃഷി രീതിയെ എങ്ങനെ സ്വാധീനിക്കുന്നുവെന്നും ഇത്തരം മാറ്റങ്ങളെ തരണം ചെയ്യാൻ കർഷർ സ്വീകരിക്കുന്ന മാർഗ്ഗങ്ങളെപറ്റിയും പഠിക്കാനാകും. കൃത്യമായി രേഖപ്പെടുത്തിയ ഒരു കാർഷിക കലണ്ടർ, മാറിവരുന്ന കാർഷിക രംഗത്ത് പുത്തൻ ആശയങ്ങൾ രൂപീകരിക്കാനുള്ള ഒരു ഉപാധിയായി ഭാവിയിൽ പ്രയോജനപ്പെടുത്താം.

### കുട്ടികളുടെ ജൈവവൈവിധ്യ രജിസ്റ്റർ (Childrens Biodiversity Register-CBR)

ജൈവവൈവിധ്യത്തെ എങ്ങനെ സംരക്ഷിക്കും എന്നതിനെക്കുറിച്ചുമുള്ള അറിവ് നമ്മുടെയും ഭാവിതലമുറയുടേയും നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. നമുക്ക് പരിചിതമായ ചുറ്റുപാടിലെ സസ്യജന്തുജാലങ്ങളെക്കുറിച്ചുള്ള അറിവുകൾ രേഖപ്പെടുത്തേണ്ടത് അനിവാര്യമാണ്. പ്രകൃതിയോടടുപ്പിക്കാനും, പ്രകൃതിയിലെ സ്പന്ദനങ്ങളെ ഒപ്പിയെടുത്ത് സൂക്ഷിക്കാനും, മറ്റുള്ളവർക്ക് അറിവു പകർന്നു കൊടുക്കാനും കുട്ടികളെ പ്രാപ്തരാക്കുക എന്നത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഈ അവസരത്തിലാണ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ബാലഗവേഷകരുടെ ജൈവവൈവിധ്യ രജിസ്റ്റർ **(CBR)** തയ്യാറാക്കുന്നത് (അനുബന്ധം 5).

ഓരോ മാസവും ഓരോ വിഷയം കുട്ടികളെ അറിയിക്കുകയും (കെ.എസ്.ബി.ബി. വെബ്സൈറ്റ്) അതാതു മാസം തന്നെ പ്രസ്തുത ജൈവവൈവിധ്യത്തിന്റെ കണക്ക് ജൈവവൈവിധ്യബോർഡിന്റെ തിരുവനന്തപുരത്തെ ഓഫീസിൽ ഇ-മെയിൽ വഴി അതാത് മാസത്തെ അവസാനത്തെ ആഴ്ചയിൽ അയച്ചുതരേണ്ടതാണ് (ഫോറത്തിന്റെ മാതൃക ഇതോടൊപ്പം ഉൾപെടുത്തിയിട്ടുണ്ട്). മികച്ച ജൈവവൈവിധ്യ രജിസ്റ്ററിനു പുരസ്കാരം നൽകാവുന്നതാണ്. പ്രസ്തുത രജിസ്റ്റർ ബാലഗവേഷകരുടെ പേരിൽ തന്നെ ജില്ല തിരിച്ച് ജൈവവൈവിധ്യ ബോർഡിൽ സൂക്ഷിക്കുന്നതാണ്. ഇത്തരത്തിൽ ലഭിക്കുന്ന വിവരങ്ങൾ വരും വർഷങ്ങളിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിൽ ഉൾപ്പെടുത്തി അപ്ഡേറ്റ് ചെയ്യാവുന്നതാണ്.

## ക്ലബ്ബുകളുടെ വിലയിരുത്തൽ

ക്ലബ്ബുകളുടെ പ്രവർത്തനം വിദ്യാഭ്യാസ സ്ഥാപനത്തിലെ കോ കരിക്കുലർ ആക്ടിവിറ്റീസിന്റെ ഭാഗമാക്കുകയും വിലയിരുത്തുകയും ചെയ്യേതാണ്.

| നമ്പർ | വിലയിരുത്തൽ സൂചകങ്ങൾ | ഗ്രേഡ് |
|---|---|---|
| 1 | ജൈവവൈവിധ്യ ക്ലബ്ബുകളിലെ പങ്കാളിത്തം | Excellent – A<br>Good- B<br>Satisfactory – C<br>Only Participation- D |
| 2 | ജൈവവൈവിധ്യ പഠനം | |
| 3 | സംരക്ഷണ പ്രവർത്തനങ്ങൾ | |
| 4 | നേച്ചർ ക്യാമ്പുകളിലെ പ്രവർത്തനം | |
| 5 | ബോധവൽക്കരണം | |
| 6 | സാമൂഹിക ഇടപെടൽ | |

## സ്കൂളുകൾക്കും കോളേജുകൾക്കുമുള്ള ജൈവവൈവിധ്യ ഓഡിറ്റ് ഫോർമാറ്റ്

അതാതു വിദ്യാഭ്യാസ സ്ഥാപനത്തിൽ ഉൾപ്പെടുന്ന വാർഡുകളിലെ ജൈവവൈവിധ്യത്തിന്റെ കണക്കെടുപ്പും തിട്ടപ്പെടുത്തലുമാണ് ജൈവ വൈവിധ്യ ഓഡിറ്റിങ്ങിലൂടെ ലക്ഷ്യമാക്കുന്നത്. ഇതിലൂടെ സ്കൂൾ/ കോളേജ് പരിസരത്തുള്ള ജൈവവൈവിധ്യത്തെപ്പറ്റി വിദ്യാർഥികളിൽ അവബോധം സൃഷ്ടിക്കാനും ഒപ്പം പാഠ്യപദ്ധതിയുടെ ഭാഗമാക്കി പ്രവർത്തിക്കാനും സാധിക്കും. ഇതിൽ പ്രസ്തുത വാർഡിലെ ജൈവവൈവിധ്യം, ആവാസ വ്യവസ്ഥകൾ, വ്യത്യസ്തങ്ങളായ ഭൂവിനി യോഗ രീതികൾ, പരമ്പരാഗത അറിവുകൾ തുടങ്ങിയ വിവരങ്ങളും ഓഡിറ്റ് ചെയ്യണം. (അനുബന്ധം 6)

## സ്ഥാപനങ്ങൾ ആചരിക്കേണ്ട പ്രധാനപ്പെട്ട പരിസ്ഥിതി ദിനങ്ങൾ

| | | | |
|---|---|---|---|
| 1. | ഫെബ്രുവരി | 2 | ലോക തണ്ണീർത്തട ദിനം |
| 2. | ഫെബ്രുവരി | 12 | ചാൾസ് ഡാർവിൻ ദിനം |
| 3. | ഫെബ്രുവരി | 15 | ലോക മണ്ണിര ദിനം |
| 4. | ഫെബ്രുവരി | 28 | ദേശീയ ശാസ്ത്ര ദിനം |
| 5. | മാർച്ച് | 3 | ലോക വന്യജീവി ദിനം |
| 6. | മാർച്ച് | 20 | ലോക കുരുവികളുടെ ദിനം & ലോക തവള സംരക്ഷണ ദിനം |

| | | |
|---|---|---|
| 7. മാർച്ച് | 21 | ലോക വന ദിനം |
| 8. മാർച്ച് | 22 | ലോക ജല ദിനം |
| 9. മാർച്ച് | 23 | ലോക കാലാവസ്ഥാ ദിനം |
| 10. ഏപ്രിൽ | 22 | ലോക ഭൗമ ദിനം |
| 11. ഏപ്രിൽ | 26 | ലോക ബൗദ്ധിക സ്വത്ത് **(World Intellectual Property)** ദിനം |
| 12. മേയ് | 3 | വംശനാശ ഭീഷണി നേരിടുന്ന ജീവികളുടെ ദിനം |
| 13. മേയ് | 11 | ലോക ദേശാടനപക്ഷി ദിനം |
| 14. മേയ് | 18 | അന്താരാഷ്ട്ര മ്യൂസിയം ദിനം |
| 15. മേയ് | 21 | ലോക മത്സ്യ ദേശാടന ദിനം |
| 16. മേയ് | 22 | ലോക ജൈവവൈവിധ്യ ദിനം |
| 17. മേയ് | 23 | ലോക കടലാമ ദിനം |
| 18. ജൂൺ | 5 | ലോക പരിസ്ഥിതി ദിനം |
| 19. ജൂൺ | 8 | ലോക സമുദ്ര ദിനം |
| 20. ജൂൺ | 17 | ലോക വനനശീകരണം തടയൽ ദിനം |
| 21. ജൂൺ | 28 | ലോക വൃക്ഷ ദിനം |
| 22.ജൂലായ് | 26 | കണ്ടൽകാട് ദിനം |
| 22. ജൂലായ് | 29 | അന്താരാഷ്ട്ര കടുവ ദിനം |
| 23. ആഗസ്റ്റ് | 10 | ലോക സിംഹ ദിനം |
| 24. ആഗസ്റ്റ് | 12 | ലോക ആന ദിനം |
| 25. ആഗസ്റ്റ് | മൂന്നാം ശനിയാഴ്ച്ച | ദേശീയ തേനീച്ച ദിനം |
| 26. സെപ്തംബർ | 15 | ലോക ശുചീകരണ ദിനം |
| 27. സെപ്തംബർ | 16 | ലോക ഓസോൺ പാളി സംരക്ഷണ ദിനം |
| 28. സെപ്തംബർ | അവസാനത്തെ ഞായർ | ലോക നദീ ദിനം |
| 29. ഒക്ടോബർ | 7 | ലോക ആവാസ ദിനം |
| 30. ഒക്ടോബർ | 12 | ലോക ദേശാടനപക്ഷി ദിനം |
| 31. ഡിസംബർ | 5 | ലോക മണ്ണ് ദിനം |

## അന്താരാഷ്ട്ര ഉടമ്പടികൾ

### 1. തണ്ണീർത്തടങ്ങളുടെ റാംസർ സമ്മേളനം (Ramsar convention)

1971-ൽ ഇറാനിലെ റാംസറിൽ സർക്കാരുകളും, സർക്കാരിതര സംഘടനകളും ഒത്തുചേർന്ന് ചർച്ച ചെയ്ത് അംഗീകരിച്ച തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനുവേണ്ടിയുള്ള ഒരു ചട്ടക്കൂടാണ് റാംസർ

സമ്മേളനം. എല്ലാ വർഷവും ഫെബ്രുവരി രണ്ട് ലോക തണ്ണീർത്തട ദിനമായി ആചരിക്കുന്നു.

**2. സ്റ്റോക്ക് ഹോം സമ്മേളനം (Stockholm Conference)**

1972–ൽ സ്റ്റോക്ക് ഹോമിൽ ചേർന്ന് ഐക്യരാഷ്ട്ര സഭയുടെ പരിസ്ഥിതി സമ്മേളനമായിരുന്നു ആഗോള പരിസ്ഥിതി പ്രശ്നങ്ങൾക്കു വേണ്ടിയുള്ള ആദ്യത്തെ മുഖ്യ കോൺഫറൻസ്. ഇതിൻ പ്രകാരം ആഗോള പാരിസ്ഥിതിക സംരക്ഷണങ്ങൾക്ക് തുടക്കമിട്ടു.

**3. മോൺട്രിയൽ ഉടമ്പടി (Montreal Protocol)**

ഓസോൺ പാളിയുടെ സംരക്ഷണമാണ് ഈ ഉടമ്പടിയുടെ മുഖ്യ ലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിനുവേണ്ടി ഓസോൺ പാളിക്ക് നാശമുണ്ടാകുന്ന വസ്തുക്കളുടെ ഘട്ടം ഘട്ടമായുള്ള കുറയ്ക്കലും, സമ്പൂർണ്ണ നിർമ്മാർജ്ജനവും പ്രാവർത്തികമാക്കുക എന്നുള്ളതാണ് ഇതിലെ സന്ദേശം. 1989 ജനുവരി ഒന്നിന് ഈ കരാർ പ്രാബല്യത്തിലായി. കരാർ വ്യവസ്ഥകൾ കൃത്യമായി പാലിക്കപ്പെട്ടാൽ ഓസോൺ പാളി പൂർവ്വ സ്ഥിതിയിലാകും. ഈ ഉടമ്പടിക്കുശേഷം സ്ട്രാറ്റോസ്ഫിയർ **(Stratosphere)** ഓസോൺ നിലവാരം നന്നേ ഉയർന്നു എന്ന് പഠനങ്ങൾ തെളിയിക്കുന്നു.

**4. അന്തർദ്ദേശീയ ജൈവവൈവിധ്യ ഉടമ്പടി (Convention on Biological Diversity-CBD)**

1992ലെ റിയോഡി ജനീറിയോയിൽ വച്ച് 180 രാജ്യങ്ങൾ ജൈവ വൈവിധ്യ സംരക്ഷണ കരാറിൽ ഒപ്പിട്ടു. ഇന്ത്യയും ഈ കരാറിന്റെ ഭാഗഭാക്കായി. ജൈവവൈവിധ്യ സംരക്ഷണം, സുസ്ഥിര ഉപയോഗം, അതിലൂടെ ലഭ്യമാക്കുന്ന പ്രയോജനങ്ങളുടെ തുല്യവും നീതിപൂർവ്വകവുമായ പങ്കുവയ്ക്കൽ തുടങ്ങിയവയാണ് ഇതിന്റെ പ്രധാനലക്ഷ്യം.

അനുബന്ധം 1

# സസ്യജൈവവൈവിധ്യം

| 1 | 2 | 3 | 4 | 5 | 6 | | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| പ്രാദേശിക നാമം | ശാസ്ത്രീയ നാമം | സസ്യ വിഭാഗം | സവിശേഷതകൾ | ആവാസ കേന്ദ്രം | പ്രാദേശിക അവസ്ഥ | | ഉപയോഗം | ബന്ധപ്പെട്ട നാട്ടറിവ് | മറ്റു വിവരങ്ങൾ | നാട്ടറിവ് സൂക്ഷിപ്പുകാരൻ/ വിഭാഗം |
| | | | | | മുൻപ് | ഇപ്പോൾ | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |

തീയതി :

പേര് :

വിലാസം :

അനുബന്ധം 2

# ജന്തുജൈവവൈവിധ്യം

| 1 | 2 | 3 | 4 | 5 | 6 | | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| പ്രാദേശിക നാമം | ശാസ്ത്രീയ നാമം | ജന്തു വിഭാഗം | സവിശേ ഷതകൾ | ആവാസ കേന്ദ്രം | പ്രാദേശിക അവസ്ഥ | | ഉപയോഗം | ബന്ധപ്പെട്ട നാട്ടറിവ് | മറ്റു വിവരങ്ങൾ | നാട്ടറിവ് സൂക്ഷിപ്പു കാരൻ/ വിഭാഗം |
| | | | | | മുൻപ് | ഇപ്പോൾ | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |

തീയതി :

പേര് :

വിലാസം :

അനുബന്ധം 3

# ആരാധനാലയ പ്രദേശത്തെ ജൈവവൈവിധ്യം

| | | | |
|---|---|---|---|
| 1 | സ്ഥലം, പഞ്ചായത്ത്, ജില്ല | | |
| 2 | വിസ്തീർണ്ണം/ഉടമസ്ഥത | | |
| 3 | കിണർ/കുളം/അരുവി | | |
| 4 | സസ്യങ്ങൾ | | |
| 5 | ജന്തുങ്ങൾ | | |
| 6 | പ്രാദേശിക അവസ്ഥ | മുൻപ് | |
| | | ഇപ്പോൾ | |

തീയതി :

പേര് :

വിലാസം :

അനുബന്ധം 4

# തണ്ണീർത്തട ജൈവവൈവിധ്യം

| | | |
|---|---|---|
| 1 | ജല ഇനങ്ങൾ (ശുദ്ധജലം/ഓരുജലം (കായൽ)/സമുദ്രം) | |
| 2 | ഉപവിഭാഗം | |
| 3 | സവിശേഷതകളും ഏകദേശ വിസ്തൃതിയും | |
| 4 | ഉടമസ്ഥാവകാശം | |
| 5 | സസ്യജാലം | |
| 6 | ജന്തുജാലം | |
| 7 | ഉപയോഗങ്ങൾ (കുടിക്കാൻ, കുളിക്കാൻ, തുണി അലക്കാൻ, മത്സ്യബന്ധനം, മത്സ്യം വളർത്തൽ, കൃഷിക്ക്, ഗതാഗതത്തിന്, വിനോദത്തിന്, ഭംഗിക്ക്, ആചാരഅനുഷ്ഠാനത്തിന്, മറ്റു ഉപയോഗത്തിന്) | |
| 8 | ഉപയോക്താക്കൾ | |

| | | | |
|---|---|---|---|
| 9 | ഏതെങ്കിലും തരത്തിലുള്ള പരിപാലനം ഉണ്ടെങ്കിൽ അത് എങ്ങിനെ എന്ന് വിശദീകരിക്കുക | | |
| 10 | മലിനീകരണത്തിന്റെ ഉറവിടവും വ്യാപ്തിയും | ഏതു തരത്തിലുള്ള മലിനീകരണം | |
| | | ഉറവിടം<br>തോത്<br>1. കുറവ്<br>2. ഇടത്തരം<br>3. കൂടുതൽ<br>4. വളരെ കൂടുതൽ | |
| 11 | ബന്ധപ്പെട്ട നാട്ടറിവ് | | |
| 12 | മറ്റു വിവരങ്ങൾ | | |
| 13 | ആശ്രയിച്ചു ജീവിക്കുന്ന വിഭാഗങ്ങൾ | | |

തീയതി :

പേര് :

വിലാസം :

അനുബന്ധം 5

# ബാല ഗവേഷകരുടെ ജൈവവൈവിധ്യ രജിസ്റ്റർ (CBR)

| | |
|---|---|
| ജില്ല :– | തീയതി :– |
| പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ :– | സ്ഥല നാമം :– |

വിഷയം :

| നാടൻ പേര് / (പ്രാദേശിക നാമം | ആവാസ വ്യവസ്ഥ | ഉപയോഗം | കാണപ്പെടുന്ന സ്ഥലം | ലഭ്യത (സുലഭം/ അപൂർവ്വം) | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |

വിവരശേഖരണത്തിൽ പങ്കെടുത്ത കുട്ടി/
കുട്ടികളുടെ പേരും വിലാസവും :–

ഫോൺ നം. :–
ഇ–മെയിൽ ID :–

സ്കൂളിന്റെ പേരും/
വിലാസവും

ഫോൺ നം. :–
ഇ–മെയിൽ ID :–

## അനുബന്ധം 6

**A. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പൊതു വിവരങ്ങൾ :**

1. സ്ഥാപനത്തിന്റെ പേര് :
2. വാർഡിന്റെ പേര് :
3. പഞ്ചായത്ത്/മുൻസിപ്പാലിറ്റി/മുതലായവ :
4. ജില്ല :
5. സ്ഥാപനത്തിന്റെ വിസ്തൃതി :
6. വാർഡിന്റെ വിസ്തൃതി :
7. സ്കൂൾ ജൈവവൈവിധ്യത്തിന്റെ സംരക്ഷണത്തിന് നിശ്ചയിച്ച വിസ്തൃതി :
8. സ്ഥാപനത്തിലെ മണ്ണിനം :

**B. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ അതിർത്തിക്കകത്തെ വിവരങ്ങൾ**

1. ജനിതക വൈവവിധ്യം/ ജനുസ്സുകളിലെ വൈവിധ്യം
   a) സസ്യങ്ങൾ
   (വൃക്ഷങ്ങളുടെ എണ്ണവും വലുപ്പവും പ്രത്യേകം രേഖപ്പെടുത്താം)
   b) ജന്തുക്കൾ,
   c) സൂക്ഷ്മജീവികൾ
2. ആവാസവ്യവസ്ഥ വൈവിധ്യം
   a) കുളം b) കിണർ c) ചതുപ്പ്
   തുടങ്ങിയവ (എണ്ണം, വ്യാസം, ആഴം തുടങ്ങിയവ)

**C. വിദ്യാഭ്യാസ സ്ഥാപനം ഉൾപ്പെടുന്ന വാർഡിലെ ജൈവവൈവിധ്യ വിവരം.**

1. ജനിതക വൈവിധ്യം, ജനുസ്സുക്കളിലെ വൈവിധ്യം
   a) സസ്യങ്ങൾ b) ജന്തുക്കൾ c) സൂക്ഷ്മ ജീവികൾ
2. ആവാസവ്യവസ്ഥ വൈവിധ്യം
   a) കുളം b) കിണർ c) ചതുപ്പ്
   തുടങ്ങിയവ (എണ്ണം, വ്യാസം, ആഴം തുടങ്ങിയവ)

**D. വാർഡിലെ കാർഷിക ജൈവവൈവിധ്യം**

1. കൃഷി ചെയ്യുന്ന സസ്യഇനങ്ങൾ
2. വളർത്തുന്ന ജന്തുജാലം (ആട്, പശു, കോഴി, തുടങ്ങിയവ)
3. വളർത്തുന്ന സൂക്ഷ്മാണുക്കൾ
   (സ്യൂഡോമോണസ്, ട്രൈക്കോഡർമ etc)
4. ആവാസവ്യവസ്ഥ (കുളം, കിണർ, തടാകം)
   തുടങ്ങി മനുഷ്യനാൽ പരിപാലിക്കുന്നവ

**B,C,D** എന്നിവയിലെ വിവരങ്ങൾ അനുബന്ധം 1,2,3,4 ഫോർമാറ്റിൽ ശേഖരിക്കാവുന്നതാണ്.

**E. മാലിന്യ നിർമാർജ്ജനം**

1. വിദ്യാഭ്യാസ സ്ഥാപനത്തിൽ ഉണ്ടാകുന്ന മാലിന്യം എങ്ങനെയാണു നിർമാർജ്ജനം ചെയ്യുന്നത് ? (കമ്പോസ്റ്റ്, പുനരുപയോഗം, പുനഃചംക്രമണം)
2. ജൈവ അജൈവ മാലിന്യങ്ങൾ നിക്ഷേപിക്കാൻ പ്രത്യേകം ബാസ്കറ്റുകൾ ഉണ്ടോ?

**F. ഊർജ്ജ സംരക്ഷണം**

1. വിദ്യാഭ്യാസ സ്ഥാപനത്തിൽ ഊർജ്ജം വിനിയോഗിക്കുന്ന രീതികൾ ഏതെല്ലാം?
2. ഊർജ്ജം ലഭിക്കാനുള്ള മാർഗ്ഗങ്ങൾ ഉണ്ടെങ്കിൽ അവ ഏതെല്ലാം?
3. വിദ്യാഭ്യാസസ്ഥാപനത്തിന്റെ പ്രതിമാസ ഊർജ്ജ വിനിയോഗം എത്ര?
4. CFL ബൾബുകൾ ഉപയോഗിക്കുന്നുണ്ടോ? മറ്റു ഊർജ്ജ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ഏതൊക്കെ ?

**G. ജല സംരക്ഷണം**

1. നിങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനത്തിലെ ജലത്തിന്റെ ഉപയോഗങ്ങൾ എന്തെല്ലാം ?
2. ജല സംഭരണ മാർഗ്ഗങ്ങൾ ഏതെല്ലാം ?
3. ജലം നഷ്ടപെടുന്ന സാഹചര്യമുണ്ടോ? ഏതെല്ലാം ?
4. ജലനഷ്ടം തടയാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഏതെല്ലാം ?
5. ജലത്തിന്റെ സ്രോതസ്സ് ഏതാണ് ?
6. സ്കൂൾ/ കോളേജിൽ മഴവെള്ള സംഭരണികൾ ഉണ്ടോ ?
7. വാട്ടർ മീറ്റർ ഉപയോഗിച്ച് ദൈനംദിന ജല ഉപയോഗത്തിന്റെ പട്ടിക നിർമ്മിക്കുക.

**H. പരിപാടികൾ**

1. ഒരു വർഷം എത്ര ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു?
2. എത്ര ജൈവവൈവിധ്യ ക്യാമ്പയിനുകൾ/ നേച്ചർ ക്യാമ്പുകൾ നടത്തി? ലിസ്റ്റ് നൽകുക. എത്ര പ്രോജക്ടുകൾ തുടങ്ങി ?
3. മേൽപ്പറഞ്ഞ പരിപാടികൾ നടപ്പിലാക്കുന്നതിന് നേരിടേണ്ടിവന്ന വെല്ലുവിളികൾ എന്തെല്ലാം? അവയെ എങ്ങനെ തരണം ചെയ്തു? വിവരിക്കുക.

**I. വിവരങ്ങൾ**

1. നിലവിലുള്ള പ്രകൃതി നിയമങ്ങളെപ്പറ്റി ക്ലബ്ബ് അംഗങ്ങൾ ബോധവാന്മാരാണോ?
2. അറിയാവുന്ന പ്രകൃതി നിയമങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക

# ജൈവവൈവിധ്യ ബോർഡിന്റെ പ്രവർത്തന സംവിധാനം

ജൈവവൈവിധ്യ നിയമം, 2002,

കേന്ദ്ര ജൈവവൈവിധ്യ ചട്ടങ്ങൾ, 2004,

കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ, 2008

## അന്താരാഷ്ട്ര ജൈവവൈവിധ്യ ഉടമ്പടി
(Convention on Biological Diversity - CBD)

» ജൈവവൈവിധ്യ സംരക്ഷണം ആഗോളതലത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി രൂപീകരിക്കപ്പെട്ടതാണ് അന്താരാഷ്ട്ര ജൈവവൈവിധ്യ ഉടമ്പടി (CBD).

» 1993 ഡിസംബർ 23 ന് CBD നിലവിൽ വന്നു.

» 05-06-1992 ൽ ഇന്ത്യ CBD ൽ ഒപ്പുവെയ്ക്കുകയും, 18-02-1994 ൽ കക്ഷിരാഷ്ട്രമാകുകയും ചെയ്തു.

» ഓരോ രാജ്യത്തിന്റെയും ജൈവവൈവിധ്യത്തിന്മേലുള്ള പരമാധികാരവും അവ സംരക്ഷിക്കേണ്ട ചുമതലയും അതാത് രാജ്യങ്ങൾക്കാണെന്ന് CBD നിഷ്ക്കർഷിക്കുന്നു.

» ജൈവവൈവിധ്യ നശീകരണത്തിന്റെ ആക്കം കുറയ്ക്കുന്നതിനോടൊപ്പം ജൈവവൈവിധ്യാധിഷ്ഠിത വികസന പ്രവർത്തനങ്ങളേയും കൂടി സംയോജിപ്പിച്ചു കൊണ്ടുള്ള ഒരു പ്രവർത്തനശൈലിക്കാണ് അന്താരാഷ്ട്ര ജൈവവൈവിധ്യകരാർ മുൻതൂക്കം നൽകുന്നത്.

## ജൈവവൈവിധ്യ നിയമം, ചട്ടങ്ങൾ

» അന്താരാഷ്ട്ര ജൈവവൈവിധ്യ ഉടമ്പടിയുടെ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനായി ഇന്ത്യൻ പാർലമെന്റ് 2002 ൽ പാസാക്കിയ ജൈവവൈവിധ്യനിയമം 2003 ഫെബ്രുവരി 5 ന് നിലവിൽ വന്നു.

» കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന വകുപ്പ് 2004 ഏപ്രിൽ 15 ന് ജൈവവൈവിധ്യ ചട്ടങ്ങൾ വിജ്ഞാപനം ചെയ്തു.

» ജൈവവൈവിധ്യ നിയമത്തിന്റെ സുപ്രധാന ലക്ഷ്യങ്ങൾ:

- ജൈവവൈവിധ്യം സംരക്ഷിക്കുക.
- ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗം ഉറപ്പുവരുത്തുക.
- ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങളുടെ തുല്യവും നീതി പൂർവ്വവുമായ പങ്കുവെയ്ക്കൽ.

## ജൈവവൈവിധ്യ നിയമത്തിന്റെ നിർവ്വഹണ സംവിധാനം

» ത്രിതല സംവിധാനം ഉപയോഗിച്ചുള്ള അധികാര വികേന്ദ്രീകരണത്തിലൂടെയാണ് ജൈവവൈവിധ്യ നിയമം രാജ്യത്ത് നടപ്പിലാക്കുന്നത്.




### ദേശീയ ജൈവവൈവിധ്യ അതോറിറ്റി

» ജൈവവൈവിധ്യ നിയമപ്രകാരം കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്ന സ്വയം ഭരണാധികാരമുള്ള സ്ഥാപനമാണ് ദേശീയ ജൈവവൈവിധ്യ അതോറിറ്റി (NBA)

» 2003 ൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റി സ്ഥാപിതമായി.

» ആസ്ഥാനം - ചെന്നൈ

» ജൈവവൈവിധ്യ നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ രാജ്യത്ത് നടപ്പിലാക്കുകയും, ബന്ധപ്പെട്ട കാര്യങ്ങളിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ ഉപദേശക സമിതിയായും പ്രവർത്തിച്ചു വരുന്നു.

### കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

ജൈവവൈവിധ്യ നിയമം, ചട്ടങ്ങൾ എന്നിവ പ്രകാരം 2005 മുതൽ തിരുവനന്തപുരം ആസ്ഥാനമായി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് പ്രവർത്തിച്ചു വരുന്നു.

» സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്ന സ്വയംഭരണാധികാരമുള്ള സ്ഥാപനമാണ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്.

» ജൈവവൈവിധ്യ നിയമത്തിനനുസൃതമായി, കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008 ൽ നിലവിൽ വന്നു.

» ജൈവവൈവിധ്യ നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പിലാക്കുകയും, ബന്ധപ്പെട്ട കാര്യങ്ങളിൽ

സംസ്ഥാന സർക്കാരിന്റെ ഉപദേശക സമിതിയായും കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് പ്രവർത്തിച്ചു വരുന്നു.

» ജൈവവൈവിധ്യ നിയമത്തിലെ സുപ്രധാന ചുമതലയായ ജൈവ വൈവിധ്യ പരിപാലന സമിതികളുടെ (ബി.എം.സി.) രൂപീകരണം, ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.) തയ്യാറാക്കൽ എന്നിവ ബോർഡിന്റെ നേതൃത്വത്തിൽ ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

## ജൈവവൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി. കൾ)

ജൈവവൈവിധ്യ നിയമത്തിലെ വ്യവസ്ഥകൾ പ്രാദേശികതല ത്തിൽ നടപ്പിലാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള സമിതികളാണ് ജൈവവൈവിധ്യ പരിപാലന സമിതികൾ.

» സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ (941), മുനിസിപ്പാലിറ്റികൾ (87), കോർപ്പറേഷനുകൾ (6) ഉൾപ്പെടെയുള്ള എല്ലാ തദ്ദേശസ്വ യംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതി കൾ രൂപീകരിച്ചിട്ടുണ്ട്.

» സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതികളുടെ രൂപീകരണം 2012 ൽ പൂർത്തിയായി.

» ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുക, ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗം പ്രോത്സാഹിപ്പിക്കുക, ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങൾ നീതിപൂർ വ്വമായി പങ്കുവെയ്ക്കുക തുടങ്ങിയവയാണ് ലക്ഷ്യം.

» പ്രാദേശികതലത്തിൽ പാരിസ്ഥിതിക ശോഷണം തടയുന്നതിനായി പരിസ്ഥിതി 'കാവൽസംഘ'ങ്ങളായി സംസ്ഥാന സർക്കാർ ബി.എം.സി. കളെ നിയോഗിച്ചിട്ടുണ്ട്. (13.05.2013 ലെ സ.ഉ. (അച്ചടി) നം.04/13/പരി. നമ്പർ സർക്കാർ ഉത്തരവ്)

## സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പ്രവർത്തന ഘടന

സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ ചെയർമാൻ, മെമ്പർ സെക്രട്ടറി എന്നിവരെ കൂടാതെ, അഞ്ച് ഔദ്യോഗിക അംഗങ്ങളും അഞ്ച് അനൗദ്യോഗിക അംഗങ്ങളും ഉൾപ്പെടുന്നു.

» ചെയർമാൻ - ഡോ. എസ്.സി.ജോഷി IFS (Retd.)

» മെമ്പർ സെക്രട്ടറി - ഡോ.വി. ബാലകൃഷ്ണൻ

### ഔദ്യോഗിക അംഗങ്ങൾ

» അഡീഷണൽ ചീഫ് സെക്രട്ടറി,
പരിസ്ഥിതി വകുപ്പ്, കേരള സർക്കാർ

» എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്,
കേരള സംസ്ഥാന പരിസ്ഥിതി-ശാസ്ത്ര-
സാങ്കേതിക കൗൺസിൽ

» പ്രിൻസിപ്പൽ സെക്രട്ടറി,
വനം-വന്യജീവി വകുപ്പ്, കേരള സർക്കാർ

» പ്രിൻസിപ്പൽ സെക്രട്ടറി,
ഫിഷറീസ് വകുപ്പ്, കേരള സർക്കാർ

» അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ,
കേരള സർക്കാർ

### അനൗദ്യോഗിക അംഗങ്ങൾ

» ഡോ. എ.കെ. ധർണ്ണി IFS,
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ്
ഫോറസ്റ്റ്, വനം വകുപ്പ്, കേരള സർക്കാർ

» ഡോ. കെ.റ്റി. ചന്ദ്രമോഹനൻ,
അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ്, ബോട്ടണി
വിഭാഗം, ഗവ. ബ്രണ്ണൻ കോളേജ്, തലശ്ശേരി

» ശ്രീ. കെ.വി. ഗോവിന്ദൻ,
ജില്ലാ ആസൂത്രണ സമിതി അംഗം, കണ്ണൂർ

» ഡോ. കെ. സതീഷ്കുമാർ,
പ്രിൻസിപ്പൽ സയന്റിസ്റ്റ് & ഹെഡ് (റിട്ട),
ബയോടെക്നോളജി ഡിവിഷൻ,
ജെ.എൻ.ടി.ബി.ജി.ആർ.ഐ., തിരുവനന്തപുരം

» ഡോ. റ്റി.എസ്. സ്വപ്ന,
ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ്, ബോട്ടണി വിഭാഗം,
കേരള സർവ്വകലാശാല, കാര്യവട്ടം, തിരുവനന്തപുരം

## കേരള ജൈവവൈവിധ്യ മ്യൂസിയം

കേരളത്തിലാണ് ഇന്ത്യയിലെ ആദ്യത്തെ ജൈവവൈവിധ്യ മ്യൂസിയം സ്ഥാപിതമായത്. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിനാൽ നിർമ്മിതമായ തിരുവനന്തപുരത്തെ വള്ളക്കടവ് ബോട്ടുപുരയിലാണ് (തിരുവിതാംകൂർ രാജഭരണകാലത്ത് (19-ാം നൂറ്റാണ്ടിൽ ) സ്ഥാപിച്ച ത്) മനോഹരമായ ഈ മ്യൂസിയം പ്രവർത്തിച്ചുവരുന്നത്. ഭൂമുഖത്തെ ജീവജാലങ്ങളെയും, അവയുടെ പാരസ്പര്യ ബന്ധങ്ങളെയും കുറിച്ച റിയാൻ ഉതകുന്ന രീതിയിലാണ് മ്യൂസിയം രൂപ കൽപ്പന ചെയ്തി രിക്കുന്നത്. കാലാവസ്ഥാ വ്യതിയാനം ജൈവവൈവിധ്യ ശോഷണം, അന്തരീക്ഷ മലിനീകരണം എന്നീ വിഷയങ്ങളിൽ നൂതന അറിവുകൾ പകരുന്ന സയൻസ് ഓൺ സ്ഫിയർ, എന്ന മൾട്ടി മീഡിയ പ്രൊജക്ടർ സംവിധാനം ഈ മ്യൂസിയത്തിന്റെ പ്രത്യേകതയാണ്. ജൈവവൈവിധ്യത്തിന്റെ അകം പൊരുൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ജനങ്ങളിലേക്ക് എത്തിക്കുകയും, ജൈവവൈവിധ്യ പരിപാലനത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പുവ രുത്തുകയും ചെയ്യുക എന്നതും ഈ മ്യൂസിയത്തിന്റെ ഉദ്ദേശ്യമാണ്. ഭൂമിയിലെ ജീവന്റെ തുടക്കവും, ജീവികൾ ഭൂമിയിൽ കടന്നുവന്ന കാലഘട്ടങ്ങളും , ജീവികളുടെ മാതൃകകളും , ഇന്ററാക്ടിവ് പാനലുകളും ജൈവവൈവിധ്യ മ്യൂസിയത്തിന്റെ പ്രധാന ആകർഷണമാണ്. ജൈവ വൈവിധ്യ സംരക്ഷണത്തിന്റെ ആവശ്യകതയെ കുറിച്ചും, അത് നേരിടുന്ന പ്രശ്നങ്ങളെ കുറിച്ചും മനസിലാക്കുവാൻ ത്രീ ഡി തീയേറ്റർ സംവിധാനവും ഒരുക്കിയിട്ടുണ്ട്. വിശാലമായ കുളവും, അലങ്കാര മൽസ്യങ്ങളുടെ വൻ ശേഖരവും ഈ മ്യൂസിയത്തിന്റെ എടുത്തു പറയാ വുന്ന പ്രത്യേകതകളാണ്.

## കേരള സംസ്ഥാന ജൈവ വൈവിധ്യ കോൺഗ്രസ്

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ആഭിമുഖ്യത്തിൽ പ്രഥമ കേരള സംസ്ഥാന ജൈവവൈവിധ്യ കോൺഗ്രസ് 2019 ജനുവരി 26 -28 വരെ തലശ്ശേരി ബ്രണ്ണൻ കോളേജിൽ വെച്ച് നടത്തപ്പെട്ടു . കാലാ വസ്ഥ വ്യതിയാനവും, ജൈവവൈവിധ്യ പുനരുജ്ജീവനവും എന്നതായി രുന്നു വിഷയം. സമീപ കാലത്ത് കേരളം നേരിട്ട പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ നമ്മുടെ പരിസ്ഥിതി, ജൈവ ആവാസ വ്യവസ്ഥകളെ വീണ്ടെടുക്കാനും, തനതു ജൈവ ജാതിയിനങ്ങളെ സംരക്ഷിക്കുന്നതി

നുള്ള കർമ്മ പദ്ധതികൾ  ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിന് കേരളത്തിലെ ജൈവവൈവിധ്യ പരിപാലന സമിതികളെ സജ്ജരാക്കുക, അതിലൂടെ നവകേരളം സൃഷ്ടിയുടെ സുസ്ഥിരത ഉറപ്പാക്കുക എന്നതാണ് ജൈവവൈവിധ്യ കോൺഗ്രസ് പ്രധാനമായും മുന്നോട്ടു വെച്ചത്. പ്രഥമ ജൈവവൈവിധ്യ കോൺഗ്രസ് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ . പിണറായി വിജയൻ ഉത്ഘാടനം ചെയ്തു. ജൈവവൈവിധ്യ സംരക്ഷണ രംഗത്തെ  ദേശീയവും, തദ്ദേശീയവുമായ  വിജയ മാതൃകകൾ പ്രസ്തുത രംഗത്തെ പ്രമുഖർ അവതരിപ്പിച്ചു.  കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്, ജൈവവൈവിധ്യ  വിഷയങ്ങളിലുള്ള ശാസ്ത്ര  പ്രബന്ധാ വതരണം,  പരമ്പരാഗത കർഷകരുടെയും, വിവിധങ്ങളായ വിത്തിനങ്ങ ളുടെയും പ്രദർശനവും, വിപണനവും  ജൈവവൈവിധ്യ കോൺഗ്രസിന്റെ ഭാഗമായി നടന്നു.

## കുട്ടികളുടെ ജൈവ വൈവിധ്യ കോൺഗ്രസ്

അനിയന്ത്രിതമായ വിഭവ ചൂഷണവും, പ്രകൃതിക്കു മേൽ  മനുഷ്യന്റെ കടന്നുകയറ്റവും, അശാസ്ത്രീയമായ വികസന മാതൃകകളും കേരളത്തിന്റെ ജൈവവൈവിധ്യ സമ്പത്തിനെ  സാരമായി  ബാധിക്കുന്നുണ്ട്. പരിസ്ഥിതി സംരക്ഷണവും, അതിനോടൊപ്പം  ബോധവൽകരണ  പ്രവർത്തനങ്ങളും പരിസ്ഥിതി സംരക്ഷണത്തിന്റെ  കാവലാളാകുവാൻ കുട്ടികളെ സഹായി ക്കും.  കേരളത്തിലെ  അപ്പർ പ്രൈമറി, ഹൈ സ്കൂൾ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ക്വിസ്സ്, പെയിന്റിംഗ്, ഫോട്ടോഗ്രാഫി മത്സരങ്ങളും, ജൈവ വൈവിധ്യ സംരക്ഷണം ലക്ഷ്യമാക്കിയുള്ള കുട്ടികളുടെ  പ്രൊജക്റ്റ് അവ തരണവും  ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലും സംഘടിപ്പിക്കുക യും, മികച്ച കുട്ടികൾക്ക് സമ്മാനവും നൽകുന്നു.

## കേരള  സംസ്ഥാന ജൈവ വൈവിധ്യ സംരക്ഷണ പുരസ്കാരം

കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്  പരിസ്ഥിതി സംരക്ഷണ രംഗത്തും, ജൈവ വൈവിധ്യ സംരക്ഷണ രംഗത്തും  ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്ന വ്യക്തികളെയും, സംഘടനകളെയും , വിദ്യാഭ്യാസ സ്ഥാപനങ്ങളെയും , മാധ്യമ പ്രവർത്തകരേയും അംഗീകരി ക്കുന്നതിനായി  ഏർപ്പെടുത്തിയിട്ടുള്ള  പുരസ്കാരമാണ്  സംസ്ഥാന ജൈവ വൈവിധ്യ സംരക്ഷണ പുരസ്കാരം. വിവിധ വിഭാഗങ്ങളിലായി സ്പെഷ്യൽ ജൂറി പുരസ്കാരം ഉൾപ്പെടെ  പത്തു പുരസ്കാരങ്ങളാണ് ഈ വർഷം  പ്രഖ്യാപിച്ചത്.  ലോക ജൈവ വൈവിധ്യ  ദിനമായ മെയ്  22 നാണ്  പുരസ്കാരം നൽകുന്നത്.

1. ഹരിതവ്യക്തി അഥവാ ജൈവവൈവിധ്യ - പരിസ്ഥിതി സംരക്ഷകൻ
2. നാടൻ സസ്യയിനങ്ങളുടെ സംരക്ഷകൻ അഥവാ ജനിതക വൈവിധ്യ സംരക്ഷകൻ (സസ്യജാലം)
3. നാടൻ കന്നുകാലിയിനങ്ങളുടെ സംരക്ഷകൻ അഥവാ ജനിതക വൈവിധ്യ സംരക്ഷകൻ (ജന്തുജാലം)
4. ഹരിത വിദ്യാലയം അഥവാ ജൈവവൈവിധ്യ സ്കൂൾ
5. ഹരിത കോളേജ് അഥവാ ജൈവവൈവിധ്യ കോളേജ്
6. ഹരിത സ്ഥാപനം അഥവാ ജൈവവൈവിധ്യ സംരക്ഷണ സ്ഥാപനം (ഗവണ്മെന്റ്)
7. മികച്ച ജൈവ വൈവിധ്യ പരിപാലന സമിതി (BMC)
8. ഹരിത പത്രപ്രവർത്തകൻ അഥവാ ജൈവവൈവിധ്യ പത്ര പ്രവർത്തകൻ (അച്ചടി മാധ്യമം )
9. ഹരിത ഇലക്ട്രോണിക് മാധ്യമ പ്രവർത്തകൻ അഥവാ ജൈവവൈവിധ്യ ദൃശ്യ മാധ്യമ പ്രവർത്തകൻ (മലയാളം)
10. ജൈവവൈവിധ്യ മേഖലയിലെ മികച്ച സന്നദ്ധ സംഘടന അഥവാ ജൈവവൈവിധ്യ സംഘടന (എൻ ജി ഓ)



പ്രഥമ ജൈവവൈവിധ്യ കോൺഗ്രസ് ബഹു: മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു



കേരളത്തിലെ ആദ്യ ജൈവവൈവിധ്യ പൈതൃക കേന്ദ്ര പ്രഖ്യാപനം ബഹു: മുഖ്യമന്ത്രി ശ്രീ . പിണറായി വിജയൻ നിർവഹിക്കുന്നു





ഹരിത വിദ്യാലയം അഥവാ ജൈവവൈവിധ്യ സ്കൂൾ അവാർഡ് ഗവ : ട്രൈബൽ എൽ പി സ്കൂൾ , ഇടുക്കി , ഗവ : എൽ . പി സ്കൂൾ , കാസറഗോഡ് എന്നീ സ്കൂളുകൾ പങ്കിട്ടെടുത്തു

| ക്രമ നം. | കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ പേര് | വില (രൂപ) |
|---|---|---|
| 1 | കോമൺ ട്രീസ് ഓഫ് കേരള | Rs. 250/- |
| 2 | കേരളത്തിലെ ഔഷധസസ്യ വൈവിധ്യം | Rs. 250/- |
| 3 | കേരളത്തിലെ കടൽ ജീവികൾ | Rs. 300/- |
| 4 | കേരളത്തിലെ ചിത്രശലഭങ്ങൾ | Rs. 180/- |
| 5 | ജൈവകൃഷി ഒരു പ്രായോഗിക പാഠം | Rs. 50/- |
| 6 | ഇൻവേസീവ് പ്ലാന്റ്സ് ഓഫ് കേരള | Rs. 100/- |
| 7 | കേരളത്തിലെ ശുദ്ധജല മത്സ്യങ്ങൾ | Rs. 170/- |
| 8 | കോമൺ ആംഫിബിയൻസ് ഓഫ് കേരള | Rs. 250/- |
| 9 | മഷ്റൂംസ് ഓഫ് കേരള | Rs. 70/- |
| 10 | മാൻഗ്രൂവ്സ് & മാൻഗ്രൂവ്സ് അസോസിയേറ്റ്സ് ഓഫ് കേരള | Rs. 150/- |
| 11 | മറൈൻ ഗാസ്ട്രോപോഡ്സ് ഓഫ് കേരള | Rs. 200/- |
| 12 | പ്രകൃതി ഗീതങ്ങൾ | Rs. 80/- |
| 13 | പരിസ്ഥിതി വിജ്ഞാനവും ജൈവവൈവിധ്യ നാട്ടറിവും | Rs. 150/- |
| 14 | ഫെതേഴ്സ് ഓഫ് വെള്ളായണി | Rs. 250/- |
| 15 | ബയോഡൈവേഴ്സ്റ്റി റിച്ച്നസ് ഓഫ് കേരള | Rs. 500/- |
| 16 | സ്നേക്സ് ഓഫ് കേരള | Rs. 200/- |
| 17 | സീസീലിയൻ ഡൈവേഴ്സിറ്റി ഓഫ് കേരള | Rs. 75/- |
| 18 | വൃക്ഷായുർവേദ | Rs. 300/- |
| 19 | ഫ്ളൈയിംങ് കളേഴ്സ് ഓഫ് വേമ്പനാട് | Rs. 300/- |



കേരള ജൈവവൈവിധ്യ മ്യൂസിയം
വള്ളക്കടവ്, തിരുവനന്തപുരം


**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**

കൈലാസം, റ്റി.സി. 4/1679-(1), നം. 43,
ബെൽഹെവൻ ഗാർഡൻസ്, കവടിയാർ പി.ഒ.,
തിരുവനന്തപുരം - 695 003, ഫോൺ : 0471 2724740
email: keralabiodiversity@gmail.com, website: www.keralabiodiversity.org
Kerala Biodiversity Museum : 0471-2504750, Toll Free No: 1800 425 5383